**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 226** **22-07-2021 - ൽ മറുപടിയ്ക്ക്**

**ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ത്രീ ഫേസ് ലൈൻ ഇല്ലാത്ത നഗരപ്രദേശങ്ങളിലെ റോഡരികിൽ താമസിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | (എ) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ലെ റെഗുലേഷൻ (8)പ്രകാരം, വൈദ്യുതി കണക്ഷനു ആവശ്യമായ ചെലവുകൾ ഉപഭോക്താവ് വഹിക്കേണ്ടതാണ്. വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിച്ച ശേഷം സെക്ഷൻ തലത്തിലെ ഉദ്യോഗസ്ഥർ സ്ഥല - പരിശോധന നടത്തുകയും പുതുതായി ലൈൻ വലിക്കേണ്ട ആവശ്യകത ഉറപ്പാക്കുകയും, പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റ നിരക്കുകൾക്ക് (28.04.2018 തീയതിയിലെ O.A. No. 17 of 2017) അനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഉപഭോക്താവിനെ അറിയിക്കുകയും ടി തുക അപേക്ഷകൻ ഒടുക്കുന്ന പക്ഷം മുൻഗണന ക്രമം അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ അംഗീകരിച്ച (28.04.2018 തീയതിയിലെ O.A. No. 17 of 2017) കോസ്റ്റ് ഡാറ്റയിലെ നിരക്കുകൾക്ക് അനുസൃതമായി ത്രീ ഫേസ് ലൈൻ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനു ചെലവാകുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു. 1. 50 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി ഒരു പോസ്റ്റ് ഇട്ടു ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 11,550/- + ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനു 160 രൂപ വീതവും 2. 50 മുതൽ 100 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി രണ്ടു പോസ്റ്റ് ഇട്ടു ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 28,800/- + 50 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ |

| | | | |
|---|---|---|---|
| | | | അധികമായും 3. 100 മുതൽ 150 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി മൂന്നു പോസ്റ്റ് ഇട്ടു ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 46,600 /- + 100 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും 4. 150 മുതൽ 200 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി 4 പോസ്റ്റ് ഇട്ടു ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 64,100 /- + 150 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും |

സെക്ഷൻ ഓഫീസർ